പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5027 01.07.2013-ൽ മറുപടിക്ക്

## പറവൂർ പീഡന കേസിലെ പ്രതികളെ പിടികൂടുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് . ശർമ്മ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പറവൂർ പീഡന കേസിലെ പ്രതികളിൽ ഇനിയും പിടിയിലാകാത്തവർ എത്ര പേരാണ് ഉള്ളത്; അവരെ പിടികൂടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) 48 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ള പ്രതികളെ കണ്ടെത്തുവാനായി ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രായപൂർത്തിയാകാത്ത ഇരകൾക്ക് വേഗത്തിൽ നീതിയും പുനരധിവാസവും ഉറപ്പാക്കണമെന്ന ജസ്റ്റീസ് വർമ്മ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ: | (ബി) പ്രായപൂർത്തിയാകാത്ത ഇരകൾക്ക് വേഗത്തിൽ നീതിയും പുനരധിവാസവും ഉറപ്പാക്കണമെന്ന് ജസ്റ്റീസ് വർമ്മ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ ജസ്റ്റിസ് വർമ്മ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) പീഡനത്തിനിരയായ പെൺകുട്ടി 18 വയസ് കഴിഞ്ഞിട്ടും കാക്കനാട്ടെ ജുവനൈൽ സെന്ററിൽ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ച എന്ന് പറയാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൺകുട്ടിയുടെ സുരക്ഷയെ മുൻനിർത്തി ജുവനൈൽ സെന്ററിൽ തുടരാനനുവദിക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ തൃക്കാക്കര അസി. കമ്മീഷണർ ശ്രീ. ബിജോ അലക്സാണ്ടർ ജില്ലാ ശിശുക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ ശിശുക്ഷേമ സമിതിയുടെ ഉത്തരവനുസരിച്ചാണ് കാക്കനാട്ടുള്ള ജുവനൈൽ സെന്ററിൽ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ